കരിമണൽ ഖനനം

125 [1958] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനം മത്സ്യമേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ ജസ്റ്റീസ് ജോൺ മാത്യു കമ്മീഷൻ മുമ്പാകെ ഫിഷറീസ് വകുപ്പോ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളോ അഭിപ്രായം അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ:

(സി) ഇപ്പോൾ ഖനനം നടക്കുന്ന പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഖനനംമൂലം നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കരിമണൽ ഖനനത്തെപ്പറ്റിയും അനന്തര ഫലങ്ങളെക്കുറിച്ചും ഫിഷറീസ് വകുപ്പ് പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) ഫിഷറീസ് വകുപ്പിന്റെ അഭിപ്രായം ആവശ്യപ്പെട്ടിട്ടില്ല. അതിനാൽ ഫിഷറീസ് വകുപ്പ് അഭിപ്രായമൊന്നും അറിയിച്ചിട്ടില്ല.

(സി) ഖനനംമൂലം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സുനാമിമൂലം കടലിലെ പാറുകൾക്കുണ്ടായ മാറ്റം

126 [1959] *ശ്രീ. എം. എം. ഹസ്സൻ:*
,, എം. മുരളി:
,, കെ. മുഹമ്മദാലി:
,, കെ. സുധാകരൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിമൂലം സംസ്ഥാനത്തെ കടലിൽ മീൻ വഭ്യത കുറഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതൊരു താൽക്കാലിക പ്രതിഭാസമാണോ;

(ബി) തീരക്കടലിലെ പാറുകൾക്ക് സുനാമിമൂലം മാറ്റമുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കൂടുതൽ കൃത്രിമ പാരുകൾ നിക്ഷേപിക്കാനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സുനാമിക്കുശേഷമുള്ള ചെറിയൊരു കാലയളവിൽ മത്സ്യത്തിന്റെ ലഭ്യത കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തീരക്കടലിലെ പാരുകൾക്ക് സുനാമിമൂലം കാര്യമായ മാറ്റമൊന്നും സംഭവിച്ചിട്ടില്ലായെന്ന് കൊച്ചിയിലെ കേന്ദ്ര സമുദ്ര ഗവേഷണ സ്ഥാപനം അറിയിച്ചിട്ടുണ്ട്. എന്നാൽ നീണ്ടകര, ആലപ്പാട്, വലിയഴീക്കൽ എന്നീ ഭാഗങ്ങളിലെ സമുദ്രത്തിൽ 50 മീറ്റർ വരെ ആഴത്തിൽ, തിരുവനന്തപുരത്തെ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് നടത്തിയ വിശദമായ സർവ്വേയിൽ സമുദ്രത്തിന്റെ അടിത്തട്ടിൽ മണ്ണൊലിപ്പ് ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഇതിനായി പദ്ധതികൾ ഒന്നും തന്നെ ഇപ്പോൾ നിലവിലില്ല.

ഗ്രാമീണ കളിസ്ഥലത്തിന്റെ നിർമ്മാണം

127 [1960] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമീണ കളിസ്ഥലത്തിന്റെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി എത്ര കളിസ്ഥലങ്ങൾ ഏറ്റെടുത്തു എന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ എത്ര കളിസ്ഥലങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; കളിസ്ഥലങ്ങളുടെ പേരുവിവരം വെളിപ്പെടുത്താമോ;

(സി) ഗ്രാമീണ കളിസ്ഥലത്തിന്റെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി പുതിയ പദ്ധതികൾ എന്തെങ്കിലും സർക്കാർ ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമീണ കളിസ്ഥലത്തിന്റെ പുനരുദ്ധാരണത്തിനായി കായിക യുവജനകാര്യ ഡയറക്ടറേറ്റിൽ നിന്ന് 96 സ്കൂളുകൾ/ പഞ്ചായത്തുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. അതിനുപുറമെ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ നീന്തൽ കുളവും, ഇടവ ഗ്രാമപഞ്ചായത്തിലെ ട്രാക്കിന്റെയും സ്റ്റോർ റൂമിന്റെയും പണി പൂർത്തിയാക്കി. സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ ഡിസ്ട്രിക്റ്റ് സ്പോർട്സ് കോംപ്ലക്സിന്റെ പണിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly